# കർമ്മലമാതാവിന്റെ തിരുനാൾ, ജൂലൈ 16

ജുലൈ 16 കർമ്മലസഭയുടെ സംരക്ഷകയും നാഥയുമായ പരി. കന്യകാമറിയത്തെ പ്രത്യേകവിധം അനുസ്മരിക്കുന്ന പുണ്യദിനം.

പരി. കർമ്മലമാതാവിനോടുള്ളഭക്തി ദൈവസാന്നിദ്ധ്യത്തിന്റെ ദൈവീകവെളിപ്പെടുത്തലിന്റെ, ദൈവത്തെ കണ്ടുമുട്ടിയതിന്റെ സ്ഥലമായ, ദൈവത്തിന്റെ മനോഹരപർവ്വതവും ഉദ്യാനവുമായ– കർമ്മലമലയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. രക്ഷകന് 9 നൂറ്റാണ്ടുകൾക്ക് മുമ്പ് ഏലിയായുടേയും ശിഷ്യരായ പ്രവാചക സമൂഹത്തിന്റേയും ജീവിതവിശുദ്ധി, പരിത്യാഗം, തപസ്, പ്രാർത്ഥന, മഹനീയമായ മറ്റുപ്രവർത്തനങ്ങൾ ഇവകൊണ്ട് പവിത്രമായിരുന്നു കർമ്മലമല.

കർമ്മലമലയിലെ ഏകാന്തതയിൽ സദാ ദൈവതിരുമുമ്പിൽ വ്യാപരിച്ച് തിരുഹിതം നിറവേറ്റി ജീവിച്ച ഏലിയാ പ്രവാചകന്റെ ദൈവസ്നേഹതീഷ്ണതയിൽ നിന്നുമാണ് ലോകം മുഴുവൻ പടർന്നു പന്തലിച്ച കർമ്മലസഭയുടെ ആരംഭം.(സമർപ്പിതജീവിതം - No.84 )

ലോകാരാധനയുടെ ആഗോളതാപനം മൂലം അകന്നുപോയ ദൈവകൃപയുടെ മഴമേഘങ്ങളെ ഭൂമിയിൽ തിരിച്ചെത്തിക്കാൻ ഏലിയാ പ്രവാചകൻ ദൈവത്തോട് തപസുചെയ്ത് പ്രർത്ഥിച്ചു. ( 1 രാജാ . 18 / 42 : 44) അന്നു പ്രത്യക്ഷപ്പെട്ട മേഘം, പുതിയ നിയമത്തിലെ ദൈവകൃപ നിറഞ്ഞവളായ പരി. കന്യകയുടെ ഒരു നിഴലായി കർമ്മലീത്താ പാരമ്പര്യം ധ്യാനിക്കുന്നു. സ്വാർത്ഥതയുടെ ചൂടിനാൽ മനുഷ്യമനസുകളിൽ നിന്ന് അന്യമാകുന്ന മനുഷ്യത്വത്തിന്റെ തുടിപ്പുകൾ വീണ്ടെടുക്കുവാൻ കൃപയുടെ ഫലം ഭൂമിയിൽ അവതരിച്ചു. കർമ്മലമക്കൾ ഏലിയായുടെ ചൈതന്യം ഉൾക്കൊണ്ട്, മാതാവിനോടൊപ്പം വചനധ്യാനത്തിലൂടെ ഈശോയുടെ ആത്മാവിനാൽ നിറഞ്ഞ് ജ്ഞാനത്തിന്റെ പുളിമാവാകാൻ ശ്രമിക്കുന്നു.

ആദിമനൂറ്റാണ്ടുമുതൽ മാതാവിനോടുള്ള പ്രത്യേകഭക്തി കർമ്മലയിലെ സന്യാസികൾക്കുണ്ടായിരുന്നതിന്റെ പ്രത്യക്ഷ അടയാളമായിരുന്നു കർമ്മലമലയിലെ, മാതാവിനു പ്രതിഷ്ഠിതമായ ആലയം. മാതാവ് അവർക്ക് "Sister Companion". സഭയ്ക്കെതിരെ ഭീഷണി ഉയർത്തുന്ന സന്ദർഭങ്ങളിലും ആക്രമണങ്ങൾ ഉണ്ടായപ്പോഴും കർമ്മലതനയർക്ക് അമ്മ പ്രത്യക്ഷപ്പെട്ട് തന്റെ സംരക്ഷണവും സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്.

കുരിശുയുദ്ധകാലത്ത് കർമ്മലമലയിലെ സന്യാസികൾ യൂറോപ്പിൽ സമൂഹങ്ങളായി താമസിച്ചിരുന്നു. അവരുടെ ജനറൽ സുപ്പീരിയറായിരുന്ന വി . സൈമൺ സ്റ്റോക്ക് മാതാവിനോട് എന്നും ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു.

"കർമ്മലയിലെ സുന്ദരകുസുമമേ
ഫലസമ്പൂർണ്ണയായ മുന്തിരി
സ്വർഗ്ഗത്തിന്റെ അന്യാദൃശവും
നിർമ്മലവുമായ തേജസേ
നിത്യനിർമ്മലകന്യകയായിരുന്ന്
ദൈവപുത്രനേ പ്രസവിച്ചവളേ,

ഇന്നത്തെ ആവശ്യങ്ങളിൽ എന്നെ സഹായിക്കണമേ.സമുദ്രതാരമേ എന്നെ സഹായിക്കണമേ, രക്ഷിക്കണമേ. അങ്ങ് എന്റെ അമ്മയാണെന്ന് കാണിച്ചുതരണമേ".

1251 – ജൂലൈ 16 ന് വിശുദ്ധൻ ഇങ്ങനെ പ്രാർത്ഥിച്ചു കൊണ്ടിരിക്കെ പരി .കർമ്മല അമ്മ വാനഗണങ്ങളുടെ അകമ്പടിയോടെ പ്രത്യക്ഷയായി കർമ്മലോത്തരീയം നല്കി ക്കൊണ്ട് പറഞ്ഞു, ''എന്റെ സംരക്ഷണയുടെ അടയാളവും രക്ഷയുടെ അച്ചാരവുമായ ഈ കർമ്മലോത്തരീയം സ്വീകരിക്കുക. ഈ ഉത്തരീയം ധരിക്കുന്നവരെ നിത്യ നാശ ത്തിൽ നിന്നും ഞാൻ രക്ഷിക്കും. ഇത് അപകടങ്ങളിൽ പരിചയും സമാധാനത്തിന്റെയും സംരക്ഷണയുടെയും അടയാളവുമായിരിക്കും.'' അമ്മയുടെ ഈ സംരക്ഷണയുടെ ഓർമ്മ യാണ് ജൂലൈ 16 ന് നമ്മൾ അനുസ്മരിക്കുക. മറിയത്തെപ്പോലെ ക്രിസ്തുവിനെ അനു കരിക്കാനുള്ള നമ്മുടെ കടമയേയാണ് ഉത്തരീയം ഓർമ്മപ്പെടുത്തുന്നത്.

ദൈവകൃപ നിറഞ്ഞവളും ദൈവഹിതത്തിനു സമ്പൂർണ്ണസമർപ്പണം ചെയ്ത വളും, ദൈവവചനത്തെ ഹൃദയത്തിലും, ഉദരത്തിലും സംവഹിച്ച് ലോകരക്ഷകനെ പ്രദാനം ചെയ്തവളും, പരിശുദ്ധാത്മാവിന്റെ പ്രാണപ്രേയസിയും ദൈവപിതാവിന്റെ പ്രിയ പുത്രിയും, തിരുസഭയുടെമാതാവുമായ പരി. കന്യകാമറിയത്തിന്റെ, കർമ്മല അമ്മയുടെ സംരക്ഷണയുടെ അടയാളവും രക്ഷയുടെ അച്ചാരവുമായ കർമ്മലോത്തരീയം ധരിക്കു ന്നവരായ, അമ്മയുടെ ജീവിതശൈലി സ്വന്തമാക്കി മുന്നേറുന്നവരായ യഥാർത്ഥ മക്ക ളായി നന്മയുടെ വക്താക്കളായി നമുക്ക് മാറാം. മനോഹരമായ ദൈവീകവഴികളുടെ നേർദിശയിലേയ്ക്ക് എന്റെ വാദങ്ങളെ നയിക്കാനാണ് കർമ്മലാംബികയുടെ സഹായം ഇന്ന് ആവശ്യം.

നിരന്തരം ദൈവസാന്നിദ്ധ്യത്തിൽ വ്യാപരിച്ച് , ആവശ്യത്തിലിരിക്കുന്ന സഹജീവികളിലേയ്ക്ക് കരളലിവോടെ കടന്നു ചെന്ന് സ്നേഹജീവിതം പങ്കുവയ്ക്കു ന്നതിന് പ്രചോദനമായി ഈ തിരുനാൾ ഭവിക്കട്ടെ എന്നാഗ്രഹിക്കുന്നു; പ്രാർത്ഥിക്കുന്നു .

**സി . അഞ്ജലി cmc**